**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**

**കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. ശ്രീമതി. ഗിരിജാ ശശി, ഗിരിജാ നിവാസ്, ശാസ്ത്താ കോളനി, മലമ്പുഴ എന്നവർ നവകേരള സദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയതി: 30.01.2024**

മേൽ സൂചന പ്രകാരം ശ്രീമതി. ഗിരിജാ ശശി, ഗിരിജാ നിവാസ്, ശാസ്ത്താ കോളനി, മലമ്പുഴ എന്നവർ നവകേരളസദസ്സ് മുഖേന മലമ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും അവരുടെ അമ്മയുടെ പേരിൽ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്ന കെട്ടിടനമ്പർ പുനസ്ഥാപിച്ചു കിട്ടുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

പരാതിക്കാരിയെ നേരിൽ കേട്ടു. മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപേക്ഷക പറയുന്ന കെട്ടിട നമ്പറുള്ള കെട്ടിടം സ്കൂൾ കെട്ടിടമാണെന്നും അവർ പറയുന്ന നമ്പറിലുള്ള കെട്ടിടം ആ പേരിലില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതിക്കാരിയെ നേരിൽ കേട്ടതിൽ അവരുടെ പക്കൽ കെട്ടിടനമ്പർ സംബന്ധിച്ച ഒരു രേഖകളും ഇല്ലെന്നറിയിച്ചു. കെട്ടിടനമ്പർ സംബന്ധിച്ച എന്തെങ്കിലും രേഖകൾ ലഭ്യമാവുന്ന പക്ഷം അതുമായി സെക്രട്ടറിയെ സമീപിക്കുന്നതിനു അപേക്ഷകക്ക് നിർദേശം നൽകി. അത് ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം നിയമാനുസൃതം അവരുടെ കെട്ടിട നമ്പർ പുനസ്ഥാപിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീമതി. ഗിരിജാ ശശി, ഗിരിജാ നിവാസ്, ശാസ്ത്താ കോളനി, മലമ്പുഴ